പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 583 | 24/01/2018 ൽ<br>മറുപടിക്ക് |

## മരണപ്പെട്ട ജീവനക്കാരന്റെ കുടുംബത്തിന് സർക്കാർ സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) 2017 ജൂലൈ മാസം 21ന് ട്രാവൻകൂർ റ്റൈറ്റാനിയം പ്രോഡക്ട്സിൽ നടന്ന അപകടത്തിൽ ദാരുണമായി മരണപ്പെട്ട ജീവനക്കാരനായ എം.പി. ഹരീന്ദ്രനാഥിന്റെ കുടുംബത്തിന് സർക്കാർ സഹായം അനുവദിച്ചിട്ടുണ്ടോ;<br><br>ബി) ഇല്ലെങ്കിൽ അനാഥരായ രണ്ടു പെൺമക്കൾ മാത്രമടങ്ങിയ തൊഴിലാളിയുടെ കുടുംബത്തിന് എത്രയും വേഗം സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>സി) ഈ ആവശ്യത്തിനായി വിവിധ ട്രേഡ് യൂണിയനുകൾ 10.08.2017-ൽ സംയുക്തമായി നൽകിയ നിവേദനത്തിൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചത്? | എ) & ബി) & സി)<br>ഹരീന്ദ്രനാഥിന്റെ രണ്ട് പെൺമക്കളിൽ ഒരാൾക്ക് കമ്പനിയിൽ നിയമനം നൽകുന്നതുവരെ പ്രതിമാസം 30,000/- രൂപ (15,000/- രൂപ വീതം രണ്ടു പേർക്ക്) കമ്പനിയിൽ നിന്നും നൽകുന്നതിനുള്ള കമ്പനിയുടെ ബോർഡിന്റെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുകയാണ്. ഹരീന്ദ്രനാഥിന്റെ ഇളയ മകളായ അക്ഷയയുടെ സ്കൂൾ ഫീസ് (ഏപ്രിൽ 2018 വരെ) കമ്പനി നേരിട്ട് ഒടുക്കിയിട്ടുണ്ട്. ഇതു കൂടാതെ ജീവനക്കാരുടെ ഒരു ദിവസത്തെ ശമ്പളത്തിൽ നിന്നും സമാഹരിച്ച തുകയായ 7.5 ലക്ഷം രൂപ ഹരിന്ദ്രനാഥിന്റെ മക്കളുടെ പേരിൽ ടൈറ്റാനിയം ലേബർ സഹകരണസംഘത്തിൽ സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ട്. ടി നിക്ഷേപത്തിന്റെ പലിശയായ 5624/- (അയ്യായിരത്തി അറുന്നൂറ്റി ഇരുപത്തിനാല് രൂപ) ടിയാന്റെ മക്കൾക്ക് ഓരോ മാസവും നൽകുന്നുണ്ട്.<br>കൂടാതെ ഹരീന്ദ്രനാഥിന്റെ രണ്ടു പെൺമക്കൾക്കും 10,000/- രൂപ വീതം (ആകെ 20,000/- രൂപ) |

ടൈറ്റാനിയം സോഷ്യൽ വെൽഫെയർ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. അവകാശ സർട്ടിഫിക്കറ്റ്, ഗാർഡിയൻഷിപ്പ് തുടങ്ങിയവയെ സംബന്ധിച്ച രേഖകൾ കമ്പനിയ്ക്ക് ലഭിക്കുന്ന മുറയ്ക്ക് PF, Gratuity, Leave salary, Death Compensation, സർക്കാരിന്റെ Group Personal Accident Insurance Scheme അനുസരിച്ചുള്ള Compensation തുടങ്ങിയവ ഹരീന്ദ്രനാഥന്റെ കുടുംബത്തിന് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ലഭ്യമായ നിവേദനങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ